## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2451 | 05.11.2019- ൽ മറുപടിക്ക്

## സഹകരണ സ്പിന്നിംഗ് മില്ലുകളിൽ കോ-ഓപ്പറേറ്റീവ് ആഡിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ കോ-ഓപ്പറേറ്റീവ് ആഡിറ്റ് വിഭാഗം 2017-2018, 2018-2019 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആഡിറ്റ് നടത്തി സമർപ്പിച്ച റിപ്പോർട്ടുകളിൽ ഓരോ മില്ലുകളെയും സംബന്ധിച്ച് രേഖപ്പെടുത്തിയ ന്യൂനതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത ആഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ഓരോ സഹകരണ സ്പിന്നിംഗ് മില്ലുകളും വരുത്തിയ നഷ്ടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

(ബി)

| മില്ലിന്റെ പേര് | നഷ്ടം (രൂപ കോടിയിൽ) | |
|---|---|---|
| | 2017-18 | 2018-19 |
| കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ | 0.4 | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ | 10.08 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ | 4.66 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 8.18 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |
| പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ | 5.33 | ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല |

| | |
|---|---|
| കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ | വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചത് 2018 ലാണ്. സഹകരണ ഓഡിറ്റ് നടന്നിട്ടില്ല. |

(സി) സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജി.എം, സി.ഇ.ഒ, എം.ഡി എന്നീ തസ്തികകളിൽ വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ നിലവിൽ തുടരുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഹാജരാക്കാത്തവരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ജി.എം, സി.ഇ.ഒ, എം.ഡി എന്നീ തസ്തികകളിൽ സ്ഥിര നിയമനം ലഭിച്ച ആരും നിലവിൽ ടെക്സ്ഫെഡിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ജോലി ചെയ്യുന്നില്ല. മാനേജിംഗ് ഡയറക്ടർ/ജനറൽ മാനേജർമാരുടെ ചാർജ്ജ് അറേഞ്ച്മെന്റ്/അധികചുമതല/അന്യത്രസേവനം എന്നിവ മാത്രമാണ് നടത്തിയിട്ടുള്ളത്.

(ഡി) സ്പിന്നിംഗ് മിൽ സി.ഇ.ഒ, ജി.എം, എം.ഡി എന്നീ തസ്തികകളിൽ തുടരുന്ന ആരുടെയെല്ലാം പേരിൽ വിജിലൻസ്, ലോകായുക്ത, ധനകാര്യ പരിശോധനാ വിഭാഗം എന്നിവരുടെ അന്വേഷണം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) ടെക്സ്ഫെഡിന്റെ കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിലെ സി.ഇ.ഒ/ജി.എം/ എം.ഡി എന്നിവർക്കെതിരെ നിലവിൽ വിജിലൻസ്, ലോകായുക്ത, ധനകാര്യ പരിശോധനാ വിഭാഗം എന്നീ അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ

**കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ**

2017–18 ലെ ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.റിപ്പോർട്ട് ലഭിച്ചിട്ടില്ല. 2018–19 ലെ ആഡിറ്റ് പൂർത്തിയാക്കിയിട്ടില്ല.

**കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ**

1. തൻ വർഷത്തെ വ്യാപാര നഷ്ടം 1.02 കോടി രൂപയാണ്. പ്രവർത്തന നഷ്ടം 10.08 കോടി രൂപ ഉൾപ്പടെ അറ്റനഷ്ടം 112.56 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. 2016–17 വർഷത്തെ അപേക്ഷിച്ച് വിൽപ്പനയിൽ 2.58 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും വ്യാപാര ചെലവ് 1.08 കോടി രൂപയുടെ വർദ്ധനവും വന്നിരിക്കുകയാണ്. നൂൽ ഉൽപ്പാദനത്തിൽ ആധുനികവൽക്കരണം യഥാസമയം നടപ്പിലാക്കാത്തതും ജീവനക്കാർക്കും തൊഴിലാളികൾക്കും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകാത്തതും, ഭീമമായ ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവ വ്യാപാര നഷ്ടത്തിന്റെ ആഴം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് സംഘം കമ്മിറ്റിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ആയതു സംബന്ധിച്ചു പ്രത്യേക റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്.
2. സംഘത്തിന്റെ ഡിപ്പോ എന്ന പേരിൽ മഹാരാഷ്ട്രയിലുള്ള ഭീവണ്ടി, മാലേഗാവ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം ഒരു പാർട്ട്നർഷിപ്പ് സ്ഥാപനമായ സാഗർ എന്റർപ്രൈസസ്, മുംബൈ ആണ് എന്ന് രേഖകൾ പ്രകാരം വ്യക്തമാണ്. പ്രസ്തുത സ്ഥാപനവുമായി ഉണ്ടാക്കിയ വിചിത്രവും സ്ഥാപനത്തിന് ഗുണകരമല്ലാത്തതുമായ എഗ്രിമെന്റ് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇടപാടുകൾ നടത്തി വരുന്നത്. സംഘത്തിന്റെ ഉൽപ്പന്നങ്ങൾ കടമായി സ്ഥാപനത്തിന് നൽകുകയും ഈ ഉൽപ്പന്നങ്ങൾ വിറ്റ ശേഷം പ്രസ്തുത സ്ഥാപനം സംഘത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പണം അടക്കുകയാണ് ചെയ്തു വരുന്നത്. കൂടാതെ സാഗർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും അഡ്വാൻസ് വാങ്ങുകയും ആയതിന് ഭീമമായ പലിശ നൽകിവരുകയും ചെയ്യുന്നതായും കാണുന്നു. ഇത്തരത്തിൽ ഒരു സ്വകാര്യ സ്ഥാപനത്തെ സ്വന്തം ഡിപ്പോ ആയി കണക്കാക്കി കൊണ്ടാണ് സംഘം പ്രവർത്തിച്ചു വന്നത്. ഈ സ്ഥാപനത്തിന് ഉൽപ്പന്നങ്ങൾ കൈമാറുന്നതിന് യാതൊരു വില നിർണ്ണയ പോളിസിയും കമ്മിറ്റി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
3. സംഘത്തിന്റെ സൺട്രി ക്രഡിറ്റേഴ്സ് ലിസ്റ്റിൽ ഡെബിറ്റ് ബാലൻസുള്ള അക്കൗണ്ടുകളും സൺട്രി ഡെബ്റ്റേഴ്സ് ലിസ്റ്റിൽ ക്രഡിറ്റ് ബാലൻസുള്ള അക്കൗണ്ടുകളും കാണുന്നു. കൂടാതെ സൺട്രി ഡെബ്റ്റേഴ്സ് ലിസ്റ്റും സംഘം കണക്കും തമ്മിൽ 141532.75 രൂപയുടെയും സൺട്രി ക്രഡിറ്റേഴ്സ് ലിസ്റ്റും സംഘം കണക്കും തമ്മിൽ 12623657.21 രൂപയുടെയും വ്യത്യാസവും ഉണ്ട്. ഇതിനു പുറമേ ഗവൺമെന്റ്, എൻ.സി.ഡി.സി, ടെക്സ്ഫെഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഓഹരി, വായ്പ, ഗ്രാന്റ് സബ്സിഡി മുതലായവും യഥാവിധി അക്കൗണ്ട് ചെയ്യു വരുന്നില്ല. കേരള സഹകരണ നിയമത്തിലെ ചട്ടം 29 പ്രകാരമുള്ള രജിസ്റ്ററുകളും സംഘത്തിൽ സൂക്ഷിക്കുന്നില്ല. മേൽ കാരണത്താൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സ്ഥിരീകരണ സർട്ടിഫിക്കറ്റും സംഘത്തിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.
സംഘം കണക്കു പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ട് ബാലൻസും ബാങ്കിൽ നിന്നും ലഭിച്ച സ്ഥിരീകരണ സർട്ടിഫിക്കറ്റും ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | ജനറൽ ലഡ്ജർ ബാലൻസ് രൂപ | സ്ഥിരീകരണ സർട്ടിഫിക്കറ്റ് ബാലൻസ് | വ്യത്യാസം രൂപ |
|---|---|---|---|---|
| 1 | 67201368707 | 46568 | 48452 | 1884 |
| 2 | 67106666600 | 191781.55 | 191784.50 | 2.95 |
| 3 | 10643132363 | 1511349.83 | 1511377.83 | 28 |
| 4 | 1001518008777 R/F 100151912456 | 177290 | 178870 | 1580 |

ഇത്തരത്തിൽ കണക്കുകൾ തെറ്റായും നിരുത്തരവാദപരമായും അക്കൗണ്ടിങ്ങ് തത്വത്തിന് എതിരായും ചെയ്യുവരുന്നത് ആഡിറ്റ് വേളയിൽ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട് എന്നാണ് മുൻ വർഷത്തെ ആഡിറ്റ് ന്യൂനതയിൽ പരാമർശിച്ചിരിക്കുന്നത്. തൻ വർഷവും തുടർന്നു വരികയാണ്. ഇത് മാനേജ്മെൻറിൻെറ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

4. സഹകരണ നിയമപ്രകാരം സംഘം പൊതുയോഗം അംഗീകരിച്ച ബഡ്ജറ്റിന് അനുസൃതമായി തുക ചെലവഴിക്കുന്നതിന് മാത്രമാണ് ഭരണ സമിതിക്ക് അധികാരമുള്ളത്. എന്നാൽ സംഘം വർഷങ്ങളായി പൊതുയോഗം ചേരുകയോ ബഡ്ജറ്റ് പാസാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് മുൻ വർഷത്തെ ആഡിറ്റ് ന്യൂനതയിൽ പരാമർശിച്ചിരുന്നുവെങ്കിലും തൻ വർഷവും ഇത് പരിഹരിച്ചിട്ടില്ല.

5. തൊഴിലാളികളുടെയും ജീവനക്കാരുടെയും ചെലവുകൾ വേർതിരിച്ചു കൊണ്ടുള്ള ലിസ്റ്റ് സംഘത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഉദ: പി.എഫ്, വെൽഫെയർ ഫണ്ട് മുതലായവ. ആയതിനാൽ തന്നെ വ്യാപാര നഷ്ടവും പ്രവർത്തന നഷ്ടവും കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. സംഘം കണക്കുകൾ കൃത്യമായി തയ്യാറാക്കി ആഡിറ്റ് വേളയിൽ സമർപ്പിക്കുന്നു എന്ന് മാനേജ്മെൻറ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

6. 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ബിൽഡിംഗ് ഇനത്തിൽ ചെലവഴിച്ച 1,92,29,330.29 രൂപയും തൻ വർഷത്തെ 664085.26 രൂപയും ഉൾപ്പടെ 19893415.55 രൂപ സംഘത്തിൻെറ അനാമത്ത് കണക്കിൽ (മുതൽ) ഉൾപ്പെടുത്തിയിരിക്കുന്നത് സംഘം ആസ്തിയിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. സംഘത്തിൻെറ സ്റ്റോക്ക് പരിശോധന റിപ്പോർട്ടിൽ ഇലക്ട്രിക്കൽ ടൂൾസ് ആൻറ് എക്യുപ്പ്മെൻറ്, ഇലക്ട്രിക്കൽ ജനറേറ്റർ എന്നിവയ്ക്ക് തുക എഴുതിയിട്ടില്ല. ആയതിനാൽ സ്റ്റോക്ക് സ്റ്റേറ്റ്മെൻറിലെ തുകയും ജനറൽ ലഡ്ജർ ബാലൻസും തമ്മിലുള്ള കൃതത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

8. 1994-95 വർഷത്തെ പ്രവർത്തനത്തിലുണ്ടായ ആകെ ലാഭം 3715051/-രൂപ സഹകരണ നിയമാവലിക്കും സംഘം നിയമാവലിക്കും അനുസൃതമായി വിഭജിക്കാൻ 2016-17 വർഷത്തെ ആഡിറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത് തൻ വർഷവും പാലിച്ചിട്ടില്ല.

9. ആഡിറ്റ് ഫീസ് ഇനത്തിൽ അടയ്ക്കുവാൻ ബാക്കിയുള്ള 2,78,211/-രൂപ സർക്കാർ ട്രഷറിയിലും വിദ്യാഭ്യാസ ഫണ്ട് 37862.28 രൂപ സംസ്ഥാന സഹകരണ യൂണിയനിലും അഫിലിയേഷൻ ഫീസ് 13800 രുപ സർക്കിൾ സഹകരണ യൂണിയനിലും കരുതൽ ധനം 1667575.87 രൂപ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലും നിക്ഷേപിക്കേണ്ടതാണ്.

10. കോടിക്കണക്കിന് രൂപ അറ്റനഷ്ടമുള്ള സംഘത്തിൽ കാൻറീൻ നടത്തിപ്പ് വഴി തൻ വർഷം മാത്രം 18 ലക്ഷത്തിലധികം രൂപയുടെ നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാൻറീനിലെ ഭക്ഷ്യവസ്തുക്കളുടെ വിൽപ്പനയിൽ കാലോചിതമായ വർദ്ധനവ് വരുത്താവുന്നതാണ്.

11. മുൻ വർഷത്തെ ആഡിറ്റ് ന്യൂനതാ പരിഹരണം നടത്തി ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ**

1. മില്ലിൻെറ തൻ വർഷത്തെ വ്യാപ്യാര നഷ്ടം 42,39,105.39 രൂപ ആണ്. വർഷങ്ങളായി വ്യാപ്യാര നഷ്ടം തുടർന്നു വരുന്നു. ഇത്തരം ഭീമമായ വ്യാപ്യാര നഷ്ടം ഉണ്ടാകുന്നതിൻെറ മൂലകാരണങ്ങളെക്കുറിച്ച് മിൽ ഭരണസമിതി ഗൗരവമായി ചർച്ച ചെയ്യുകയും വ്യാപാര ചെലവുകൾ കർശനമായി നിയന്ത്രിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുകയും വേണം. മില്ലിൻെറ തൻ വർഷത്തെ മാത്രം അറ്റ നഷ്ടം 7,35,49,435.17 രൂപയും ആകെ അറ്റനഷ്ടം 54,04,13,384.51 രൂപയും ആണ്. വ്യവസായ വകുപ്പ് (ടെക്സ്റ്റെയിൽസിൻെറയും) അടിയന്തിരശ്രദ്ധ ടി വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

2 .വർഷങ്ങളായി തുടരുന്ന Deficit stock Rs.45,641.34/-18% പലിശ ഉൾപ്പടെ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി മിൽ കണക്കിൽ വരവ് വെക്കേണ്ടതാണ്.

3. മില്ലിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി ചെല്ലമ്മാളിന് തൻ വർഷം സ്പെഷ്യൽ പേ ഇനത്തിൽ നൽകിയ 24,000/-രൂപ അനുമതി ഇല്ലാത്തതിനാൽ ആഡിറ്റിൽ Due to Advanceൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## Part B

1. മില്ലിലെ ജീവനക്കാരിൽ നിന്നും സ്റ്റാഫ് സെക്യൂരിറ്റി ഡിപ്പോസിറ്റ്സ് വാങ്ങുന്നതായി കാണുന്നില്ല.

2. NCDC Assisted expansion workമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പൂർത്തിയാകാത്തതിനാൽ ടി ആസ്തികൾ Due to Advance ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3. ടെക്സ്ഫെഡ് വഴി ലഭിച്ച സർക്കാർ വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതായി കാണുന്നില്ല. ആയതു മൂലം പലിശ ഇനത്തിൽ 14908300/-രൂപയും പിഴ പലിശ ഇനത്തിൽ 19541000/- രൂപയും ഉൾപ്പടെ 168624000/-രൂപയും അടയ്ക്കുവാൻ ബാക്കി നിൽക്കുന്നു. ഇത് തിരികെ അടച്ചു തീർക്കുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. Due to വിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികൾ ക്യാപ്പിറ്റലൈസ് ചെയ്യുവാനുള്ള നടപടികൾ മിൽ ഭരണസമിതിയുടെ ഭാഗത്തു നിന്നു ഉണ്ടാകേണ്ടതാണ്. അതുപോലെ മുൻ വർഷങ്ങളിൽ ആഡിറ്റിൽ ചെയ്തിരിക്കുന്നു. E&C ചെലവുകൾ release ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. Due to advanceൽ വളരെയധികം തുകകൾ മില്ലിന് ലഭിക്കാൻ ഉള്ളതായി കാണുന്നു. ആയത് തിരികെ ഈടാക്കി മിൽ കണക്കിൽ വരവ് വെയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. Due by ഇനത്തിൽ നൽകുവാനുള്ള തുകകൾ കൊടുത്തു തീർക്കേണ്ടതുണ്ട്.

6. മില്ലിൽ ERPസിസ്റ്റം പ്രകാരമാണ് കണക്കുകൾ സൂക്ഷിക്കുന്നത്. ആതിനാൽ സഹകരണ ആഡിറ്റിന് അനുയോജ്യമായ തരത്തിലുള്ള വരവ് ചെലവ് കണക്കുകൾ (classified R&D statement) ആഡിറ്റിന് ലഭിക്കുന്നില്ല. പ്രത്യേകിച്ച് Due to,Due by items(Debtors,creditors) കൃത്യമായല്ല ലഭിക്കുന്നത്. ആയത് പരിഹരിക്കേണ്ടതാണ്.

7. ടെക്സ്ഫെഡ് സ്ഥിരീകരണ പത്രവും(CC)ലെ പല ഇനങ്ങളിലെ ബാക്കി നിൽപ്പും മിൽസ്റ്റേറ്റ്മെൻറും തമ്മിൽ പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

8. SVO സാക്ഷ്യപ്പെടുത്തിയ അസ്സറ്റ് സ്റ്റേറ്റുമെൻറും ആഡിറ്റ് നോട്ടും പൊരുത്തപ്പെടുന്നില്ല. ഇത് SVOയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

9. Salary Advance, T A Advance,wages advance, Advance എന്നീ ഇനങ്ങളിൽ തുടർന്നു വരുന്ന ഓപ്പണിംഗ് വ്യത്യാസങ്ങൾ പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

10. Salary excess ഇനത്തിൽ വർഷങ്ങളായി മില്ലിന് തിരികെ ലഭിക്കാനുള്ള 23,73,832.34 രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.ാ

11. മിൽ ഹാജരാക്കിയ Share abstract ഉം ആഡിറ്റ് നോട്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വർഷങ്ങളായി തുടരുന്ന ടി വ്യത്യാസം പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

12. അഡ്വാൻസ് ഇനങ്ങളിൽ തൻ വർഷം നൽകിയ തുകകൾ തിരികെ വരവ് ചെലവ് കാണുന്നില്ല.

13. Festival അഡ്വാൻസ് 228515.55 രൂപ, TA Advance 5252 രൂപ എന്നിവ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

14. മില്ലിലെ ഡെപ്യൂട്ടി സ്പിന്നിംഗ് മാനേജർ ശ്രീ.സൈനുദ്ദീൻകുഞ്ഞിൻെറ സർവ്വീസ് ബുക്ക് എഴുതി പൂർണ്ണമാക്കേണ്ടതാണ്.

15.. Education fund 12,000/ രൂപ - യഥാസമയത്ത് അടച്ച് തീർക്കേണ്ടതാണ്.

16.. തൻ വർഷം അധികമായി അടച്ച അഫലിയേഷൻ ഫീസ് 2000/-രൂപ Due to advance ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

17. The Cotton Coporation of India, Aurangabad,Adilabad, Warngal, Mahabubunagar ബ്രാഞ്ചുകളിലെയും തമ്മിൽ പൊരുത്തമില്ല. ടി വ്യത്യാസങ്ങൾ പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

18. UTI dividend ഇനത്തിൽ 638582.54/-രൂപ ഈടാക്കാൻ ബാക്കി നിൽക്കുന്നു. ഇത് ആഡിറ്റ് നോട്ടിൽ തുടർന്നു വരുവാൻ ഉണ്ടായ സാഹചര്യം പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

19. Due to വിൽ തുടർന്നു വരുന്ന പല അഡ്വാൻസ് തുകയും ക്രമീകരിക്കുന്നതായി കാണുന്നില്ല.ഇവ അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്.

**തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ**

2017-18,2018-19 സഹകരണ ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല.

**മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ**

1. തൊഴിലാളി ക്ഷേമത്തിനായി സർക്കാർ വൻ തുക മുടക്കുന്ന സംഘത്തിൽ 40% അന്യ സംസ്ഥാന തൊഴിലാളികൾ ആണ് ജോലി ചെയ്യുന്നത്. സംഘത്തിൽ വരുന്ന ഒഴിവുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയോ പത്രപരസ്യം നൽകിയോ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. സംഘത്തിൻെറ അറ്റനഷ്ടം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. നഷ്ടം ലഘൂകരിക്കുന്നതിന് മാനേജ്മെൻറ് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. തൻവർഷത്തെ Gross Loss 46,573,116.27രൂപയും അറ്റനഷ്ടം 7,84,238,081.22 രൂപയും ആണ്.

3. സംഘത്തിൻെറ SUNDRY CREDITORS HEADൽ 2229824472.80 രൂപ ഡെബിറ്റ് ബാലൻസ് കാണുന്നു. ഇത് പരിശോധിച്ച് അധിക പേയ്മെൻറ് നടന്നിട്ടുണ്ടെങ്കിൽ അടുത്ത ആഡിറ്റിനകം തിരിച്ച് പിടിക്കേണ്ടതാണ്.

4. സംഘത്തിൻെറ SUNDRY DEBTORS HEADൽ 21737160.59 രൂപ ഡെബിറ്റ് ബാലൻസ് കാണുന്നു. ഇത് പരിശോധിച്ച് ഓരോ പാർട്ടിയിൽ നിന്നും കൺഫർമേഷൻ വാങ്ങി അക്കൗണ്ട് ശരിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

5. സർക്കാരിലേക്ക് അടയ്ക്കുവാനുള്ള ആഡിറ്റ് ഫീ 437487 രൂപ, അഫിലിയേഷൻ ഫീ 30600 രൂപ എന്നിവ അടവാക്കിയിട്ടില്ല

**പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ**

1. മുൻ ആഡിറ്റ് ന്യൂനതകൾ തൻ വർഷവും പരിഹരിച്ചിട്ടില്ല.

2. തൻ വർഷം സംഘം 778724398.86/- രൂപയുടെ അറ്റനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം കുറച്ച് ലാഭത്തിൽ പ്രവർത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

3 .സംഘത്തിൽ ക്രമാതീതമായി വർദ്ധിച്ചുവരുന്ന തൻ ചെലവ് നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. സംഘത്തിൽ 2005 ലഭിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള സ്കെയിൽ ഓഫ് പേ ആണ്. നാളിതുവരെ സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടില്ല. ആയതിനാൽ നിലവിലുള്ള സ്കെയിൽ ഓഫ് പേയ്ക്ക് അധീകരിച്ച് നൽകിയിരിക്കുന്ന 1086300/- രൂപയുടെ സിൽബന്തി ചെലവ് ആഡിറ്റിൽ തൻ വർഷവും തടഞ്ഞിരിക്കുന്നു. ആയത് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. സംഘം ജില്ലാ സഹകരണ ബാങ്കിൽ നിന്നും, ടെക്സ്ഫെഡിൽ നിന്നും വാങ്ങുന്ന വായ്പയുടെ മുതലും പലിശയും ചേർത്ത് അടയ്ക്കാതെ ബാക്കി നിൽക്കുകയാണ്.
6. സംഘം ICICI ബാങ്കിലും ഫെഡറൽ ബാങ്കിലും ഉള്ള ബാങ്ക് അക്കൗണ്ടുകൾക്ക് ഡിപ്പാർട്ട്മെൻറ് അനുമതി വാങ്ങിയിട്ടില്ല.

7. സംഘത്തിൽ ന്യൂനത പരിഹാര രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

8. സംഘം ജീവനക്കാരുടെ സർവ്വീസ് ബുക്ക് യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

**കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ**

വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചത് 2018 എപ്രിൽ മാസം മുതലാണ്. 2017-18,2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റ് നടന്നിട്ടില്ല

സെക്ഷൻ ഓഫീസർ